**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1040** **10-08-2023 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം വനം ഡിവിഷനിലെ തൊണ്ടി മുതലുകൾ നഷ്ടപ്പെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം വനം ഡിവിഷനിലെ പരുത്തിപ്പള്ളി റെയിഞ്ചിൽ നിന്നും ഒ. ആർ. 31/2000, ഒ. ആർ.19/2001, ഒ. ആർ. 15/2001, ഒ. ആർ. 21/2002, ഒ. ആർ. 16/2003, ഒ. ആർ. 9/2004, ഒ. ആർ. 9/2007, ഒ. ആർ. 10/2007 എന്നീ കേസുകളിൽ ഉൾപ്പെട്ട തൊണ്ടി മുതലുകൾ മോഷണം പോയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം വന ഡിവിഷനിലെ പരുത്തിപ്പള്ളി റെയിഞ്ച് ഫോറസ്ററ് ആഫീസറുടെ 10.06.2010 തീയതിയിലെ പരിശോധനയിലാണ് തൊണ്ടി സാമഗ്രികളിൽ ഗണ്യമായ കുറവുള്ളതായും തൊണ്ടി മുതലുകൾ നഷ്ടപ്പെട്ടതായും ശ്രദ്ധയിൽപ്പെട്ടത് . |
| (ബി) | ഇതിൽ എത്ര ഒ. ആർ കേസുകളിലെ പ്രതികളെ തൊണ്ടി ഹാജരാക്കാത്തതിനാൽ ബഹു. കോടതി കുറ്റവിമുക്തരാക്കി എന്നും ആയതിലൂടെ സർക്കാരിനുണ്ടായ നഷ്ടവും വിശദമാക്കുമോ; | (ബി) | ഇതിൽ ഒ.ആർ.-09/2004 കേസിലെ പ്രതികളെ കുറ്റവിമുക്തരാക്കിയതിനുള്ള കാരണങ്ങളിൽ ഒന്ന് തൊണ്ടി ഹാജരാക്കാത്തത് സംബന്ധിച്ചുള്ളതാണ്. ടി കേസിലെ സർക്കാർ നഷ്ടം 2000/- രൂപയാണ്. |
| (സി) | പ്രസ്തുത കേസുകളിലെ തൊണ്ടി മുതൽ നഷ്ടപ്പെട്ടത് സംബന്ധിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | ഉദ്യോഗസ്ഥർക്കെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ പ്രസ്തുത കേസുകളിന്മേൽ അന്വേഷണത്തിനായി നിയോഗിച്ചിട്ടുള്ള പ്രത്യേക അന്വേഷണ വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത സംഭവം നടന്ന് 15-ൽ പരം വർഷങ്ങൾ പിന്നിട്ടിട്ടും തൊണ്ടി മുതൽ സൂക്ഷിക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ യാതൊരു വകുപ്പുതല നടപടിയും സ്വീകരിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കാമോ; | (ഡി) | പ്രസ്തുത കേസുകളിലെ തൊണ്ടി മുതലുകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച പ്രത്യേക അന്വേഷണ സംഘത്തിന്റെ അന്വേഷണം പൂർത്തീകരിച്ചതിന് ശേഷമേ കുറ്റക്കാരായ ഉദ്യോഗസ്ഥരുണ്ടെങ്കിൽ നടപടി സ്വീകരിയ്ക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഇ) | പരുത്തിപ്പള്ളി റെയിഞ്ചിൽ മുൻപ് രജിസ്റ്റർ ചെയ്ത ഒ. ആർ. 120/90 നമ്പർ കേസിലെ തൊണ്ടി നഷ്ടപ്പെട്ടത് അന്വേഷിക്കാൻ പോലീസ് വിജിലൻസിന് ശിപാർശ ചെയിതിട്ടുണ്ട് എന്നിരിക്കെ മേൽ വിവരിച്ച സമാനമായ ഒ. ആർ. കേസുകളിൽ ഇതേ നിലപാട് സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ? | (ഇ) | തൊണ്ടി മുതൽ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് വകുപ്പ്തല നടപടി സ്വീകരിക്കുന്നതിനൊപ്പം പോലീസ് നടപടി സ്വീകരിക്കുന്നതിനായി പരുത്തിപ്പള്ളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ 27.09.2022-ൽ കാട്ടാക്കട പോലീസ് സ്റ്റേഷനിൽ പരാതിയും നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ